ദേശാഭിമാനി

29 June 2018

## 15 കോടി ചെലവിൽ 500 യൂണിറ്റുകൾ

# കൂടുമത്സ്യക്കൃഷി വ്യാപിപ്പിക്കുന്നു

സ്വന്തം ലേഖകൻ

**കൊച്ചി**

സംസ്ഥാനത്തെ ആഭ്യന്തര മത്സ്യോൽപ്പാദനം വർധിപ്പിക്കാനുള്ള പദ്ധതിയുമായി സിഎംഎഫ്ആർഐ. മത്സ്യകർഷകരുടെ പങ്കാളിത്തത്തിൽ സംസ്ഥാനത്ത് 500 കൂടുമത്സ്യക്കൃഷി യൂണിറ്റുകൾ തുടങ്ങാനാണ് പദ്ധതി. കൃഷി ആരംഭിക്കുന്നതിന് സാങ്കേതികസഹായവും സബ്സിഡിയും നൽകും. എൻഎഫ്ഡിബിയുടെ സാമ്പത്തികസഹായത്തോടെ 15 കോടി രൂപയുടേതാണ് പദ്ധതി.

സംസ്ഥാനത്തെ തീരദേശ ജില്ലകളിലാണ് കൂടുമത്സ്യക്കൃഷി നടപ്പാക്കുന്നത്. നാലുമീറ്റർ വീതിയും നീളവും മൂന്നുമീറ്റർ ആഴവുമുള്ള കൂടുകളിലാണ് കൃഷി. കാളാഞ്ചി, കരിമീൻ, മോത, വറ്റ, ചെമ്പല്ലി തുടങ്ങിയ മത്സ്യങ്ങളാണ് കൃഷി ചെയ്യുക.

വേലിയിറക്കസമയത്ത് മൂന്നു മീറ്ററെങ്കിലും താഴ്ചയുള്ള ജലാശയങ്ങളിൽ കൃഷിയിറക്കാൻ സാധിക്കുന്നവരാണ് അപേക്ഷ നൽകേണ്ടത്. കൃഷി ചെയ്യാൻ പോകുന്ന ജലാശയവും പരിസരവും സിഎംഎഫ്ആർഐയിലെ വിദഗ്ധർ പരിശോധിച്ച് അനുയോജ്യമാണെന്ന് ബോധ്യപ്പെട്ടാൽ മാത്രമാണ് അപേക്ഷ പരിഗണിക്കുക. പാരിസ്ഥിതിക പ്രത്യാഘാതങ്ങൾകൂടി വിലയിരുത്തിയാണ് യൂണിറ്റുകൾ അനുവദിക്കുന്നത്.

കൂടുമത്സ്യ കർഷകരെ സഹായിക്കുന്നതിനായി സംസ്ഥാനത്ത് മൂന്നിടങ്ങളിൽ അക്വാവൺ ലാബുകളും തുടങ്ങും. ജലഗുണനിലവാര പരിശോധന, രോഗനിർണയം തുടങ്ങിയ സേവനങ്ങളാണ് അക്വാവൺ ലാബിൽനിന്ന് കർഷകർക്ക് ലഭിക്കുക. ലാബുകൾ തുടങ്ങുന്നതിന് യോഗ്യരായവർക്ക് മുതൽമുടക്കിന്റെ 50 ശതമാനം പദ്ധതിയിൽനിന്ന് സബ്സിഡി ലഭിക്കും. ലാബ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട വിവരങ്ങൾ സിഎംഎഫ്ആർഐ വെബ്സൈറ്റിൽ ലഭ്യമാണ് (cmfri.org.in).

ചെറുകിട മത്സ്യത്തീറ്റ ഉൽപ്പാദന കേന്ദ്രം സ്ഥാപിക്കാനും സിഎംഎഫ്ആർഐക്ക് പദ്ധതിയുണ്ട്. കേന്ദ്രം സ്ഥാപിക്കാൻ താൽപ്പര്യമുള്ളവർക്ക് 50 ശതമാനം സബ്സിഡി നൽകും.

തെരഞ്ഞെടുക്കുന്നവർക്ക് സിഎംഎഫ്ആർഐ പരിശീലനം നൽകും. ഫോൺ: 0484 2394867.